**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 846** **30-06-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരെഞ്ഞെടുക്കപ്പെട്ട കോളനികളുടെ പ്രവൃത്തികൾ നിലവിൽ ഏതൊക്കെ ഏജൻസികളാണ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപെടുത്തിയിരുന്നത്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബന്ധപെട്ട എം എൽ എ മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവഹണ ചുമതല നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നു . എന്നാൽ 03.12.2021 ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച (സ.ഉ.(കൈ) നം.54/2021/പജപവവിവ ) ഉത്തരവ് പ്രകാരം, നിർമ്മിതി കേന്ദ്രങ്ങൾക്കു പുറമെ അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവഹണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്. നിലവിൽ ജില്ലാ നിർമ്മിത കേന്ദ്രം, കേരള ഇലക്ട്രിക്കൽ ആന്റ് അല്ലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (KEL), സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (SIDCO), കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം (KESNIK), KAICO ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (KSHB), ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT), സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് (SILK) എന്നീ ഏജൻസികൾ പദ്ധതി നിർവഹണം നടത്തി വരുന്നുണ്ട് |
| (ബി) | പ്രസ്തുത ഏജൻസികൾ ഏത് വിധത്തിലാണ് പ്രവൃത്തി നടത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത ഏജൻസികൾ പി.എം.സി (പ്രൊജക്ട് മാനേജ്മെന്റ് കൾസൽട്ടന്റ്) ആയും നോൺ പി.എം.സി (നോൺ പ്രൊജക്ട് മാനേജ്മെന്റ് കൾസൽട്ടന്റ്) ആയും പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത ഏജൻസികൾക്ക് എന്തെങ്കിലും കൺസൽട്ടൻസി ചാർജ്ജ് ഉണ്ടോ; | (സി) | ജി.ഒ(പി)നം.95/17/ഫിൻ തീയതി 25.07.2017 പ്രകാരം ഒരു കോടി രൂപയ്ക്ക് താഴെയുള്ള എല്ലാ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | വർക്കുകൾക്കും 8% സെന്റേജ് ചാർജ് അനുവദിക്കാവുന്നതാണ്. ഒരു കോടി രൂപയുടെ പ്രവൃത്തികൾക്ക് 7% സെന്റേജ് ചാർജ് അനുവദിക്കുന്നു. |
| (ഡി) | നിലവിൽ നിർമ്മിതി കേന്ദ്ര പോലുള്ള ഏജൻസികൾ പ്രവൃത്തി നടപ്പാക്കുന്ന കോളനികളിലെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ഇത്തരം പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ അക്രഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്.-ന് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. മാരിൽ നിന്നും കത്ത് ലഭിച്ചിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ എം.എൽ.എ. മാരിൽ നിന്നുമാണ് കത്ത് ലഭിച്ചത്; | (ഇ) | ശ്രീ. K.P.കുഞ്ഞഹമ്മദ്കുട്ടി മാസ്റ്റർ എം.എൽ.എ, അഡ്വ.ശ്രീ.കെ.എം.സച്ചിൻദേവ് എം.എൽ.എ, ശ്രീ.ടി.പി.രാമകൃഷ്ണൻ എം.എൽ.എ എന്നിവരിൽ നിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട് |
| (എഫ്) | ഇങ്ങനെയുള്ള പ്രവൃത്തികൾ യു.എൽ.സി.സി.എസ്.-ന് നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിലെ വ്യവസ്ഥപ്രകാരം അംഗീകൃത സർക്കാർ ഏജൻസികൾക്ക് മാത്രമാണ് നിർവഹണ ചുമതല നൽകുവാൻ സാധിക്കുന്നത് യു.എൽ.സി.സി.എസ് അംഗീകൃത സർക്കാരിതര (Non-government) ഏജൻസി ആയതിനാൽ ടി ഏജൻസിയെ പ്രവൃത്തി ഏൽപ്പിയ്ക്കാൻ നിലവിലെ ഉത്തരവ് പ്രകാരം കഴിയില്ല. |

സെക്ഷൻ ഓഫീസർ